# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6151** **07.11.2016 ൽ മറുപടിയ്ക്ക്**

## ലൈബ്രേറിയൻമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | | **ഡോ.കെ.ടി ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )** | |
| എ) | ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികളിൽ ലൈബ്രേറിയൻമാരെ നിയമിക്കുന്നതിന് വ്യവസ്ഥയുണ്ടോ ; | എ) | വ്യവസ്ഥയുണ്ട്. |
| ബി) | ഇത്തരം ലൈബ്രറികളിൽ ലൈബ്രേറിയൻമാരെ നിയമിക്കുന്നതിന് മാനദണ്ഡങ്ങൾ എന്തെല്ലാം; എങ്ങനെയെന്ന് വിശദമാക്കാമോ; | ബി) | 1994-ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ലൈബ്രറികളിൽ ലൈബ്രേറിയന്മാരെ നിയമിക്കുന്നതിന് യോഗ്യരായ (എസ്.എസ്.എൽ.സി / തത്തുല്യം, പബ്ലിക് എക്സാമിനേഷൻ ബോർഡിന്റെ ലൈബ്രറി സയൻസ് |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റ്/ കേരള ഗ്രന്ഥശാല സംഘത്തിന്റെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ്) ഉദ്യോഗാർത്ഥികളിൽ നിന്നും പ്രൊമോഷൻ മുഖേനയോ അല്ലെങ്കിൽ 4 വർഷം സർവ്വീസുള്ള യോഗ്യരായ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേനയോ ഇവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം മുഖേനയോ നിയമിക്കാവുന്നതാണ്. |
| സി) | നിലവിൽ തദ്ദേശവകുപ്പിന് കീഴിൽ സ്ഥിര നിയമനം നേടിയ ലൈബ്രേറിയൻമാരുണ്ടോ;ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കാമോ? | സി) | മുനിസിപ്പൽ കോമൺ സർവ്വീസിൽ 37 ലൈബ്രേറിയന്മാരാണുള്ളത്. ലൈബ്രേറിയന്മാരുടെ തസ്തിക നിലവിലുള്ള നഗരസഭകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. പഞ്ചായത്ത് വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**മുനിസിപ്പൽ കോമൺ സർവ്വീസിൽ ലൈബ്രേറിയന്മാരുടെ തസ്തിക നിലവിലുള്ള നഗരസഭകളുടെ വിവരം**

1. തിരുവനന്തപുരം
2. കൊച്ചി
3. തൃശ്ശൂർ
4. മൂവാറ്റുപുഴ
5. കാഞ്ഞങ്ങാട്
6. വൈക്കം
7. മാവേലിക്കര
8. വടകര
9. ആറ്റിങ്ങൽ
10. ചിറ്റൂർ - തത്തമംഗലം
11. കൽപ്പറ്റ
12. തളിപ്പറമ്പ്
13. ചാലക്കുടി
14. മട്ടന്നൂർ
15. ചേർത്തല
16. കാസർഗോഡ്
17. ഗുരുവായൂർ
18. കൂത്തുപറമ്പ്
19. തിരൂർ
20. ചാവക്കാട്
21. നെടുമങ്ങാട്
22. പാല
23. തിരുവല്ല
24. അങ്കമാലി
25. നോർത്ത് പറവൂർ
26. പാലക്കാട്
27. കോതമംഗലം
28. കോട്ടയ്ക്കൽ
29. മരട്
30. കരുനാഗപ്പള്ളി

Section officer